പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5213 — 06-02-2014 ന് മറുപടി നൽകേണ്ടിയിരുന്നത്

## ദേശീയ വനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഹംസ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ദേശീയ വനാവകാശ നിയമം അട്ടിമറിക്കുവാൻ കേന്ദ്രം ശ്രമിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) വർഷങ്ങളായി കൈവശം വച്ചു വരുന്ന ഒരേക്കറിൽ താഴെയുള്ള വനഭൂമിക്കായി എത്ര അപേക്ഷകൾ ലഭിച്ചു; | (ബി) 2006 ലെ വനാവകാശ നിയമമനുസരിച്ച് വ്യക്തിഗത അവകാശത്തിനായി മൊത്തം 32,468 അപേക്ഷകൾ ലഭിച്ചു. ഭൂമിയുടെ അളവ് അനുസരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |
| (സി) ഇവയിന്മേൽ നിയമപരമായി നടപടികൾ സ്വീകരിക്കുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ? | (സി) 2006 ലെ വനാവകാശ നിയമമനുസരിച്ച് കൈവശ വനഭൂമിയിൽ വനാവകാശ രേഖ ലഭിക്കുന്നതിനായുള്ള അപേക്ഷകളിന്മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമില്ല. |

Adithyal

സെക്ഷൻ ഓഫീസർ